# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 615 — 02-12-2014-ൽ മറുപടിക്ക്

### ഫാക്ടിന്റെ പ്രതിസന്ധി

**ചോദ്യം**

ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. കെ.കെ.ജയചന്ദ്രൻ
ശ്രീ. കെ.സുരേഷ് കുറുപ്പ്
ശ്രീ. എ.പ്രദീപ്കുമാർ

(എ) ലാഭകരമായി പ്രവർത്തിക്കുകയായിരുന്ന ഫാക്ട് കേന്ദ്ര സർക്കാരിന്റെ തുടർച്ചയായുള്ള നയ വൈകല്യങ്ങൾ മൂലം ഇപ്പോൾ വൻ നഷ്ടത്തിലും പ്രതിസന്ധിയിലും അകപ്പെട്ടിരിക്കുകയാണെന്ന ആക്ഷേപം സർക്കാർ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) ലാഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ FACT Limited ഇപ്പോൾ നഷ്ടത്തിലാവാനുള്ള പ്രധാന കാരണങ്ങൾ ഇവയാണ്.

(a) മിതമായ നിരക്കിൽ LNG ലഭിക്കാത്ത അവസ്ഥ.
(b) സാമ്പത്തിക പ്രശ്നങ്ങൾ മൂലം കാപ്രോലാക്ടം പ്ലാന്റ് പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം.
(c) അമോണിയ നീക്കത്തിലെ ചില പരിമിതികൾ.

ദക്ഷിണേന്ത്യയിൽ പ്രകൃതി വാതകം ലഭ്യമല്ലാതിരുന്നതിനാൽ, രാസവളങ്ങളുടെ ഉല്പാദനത്തിനായി നാഫ്തയാണ് FACT ഉപയോഗിച്ചുകൊണ്ടിരുന്നത്. പ്രകൃതി വാതകം ഉപയോഗിച്ച് അമോണിയ ഉല്പാദിപ്പിക്കുന്നതിനേക്കാൾ ചെലവേറിയ താണ് നാഫ്ത ഉപയോഗിച്ച് അമോണിയ നിർമ്മിക്കുന്നത്. ഇക്കാരണത്താൽ FACT യ്ക്ക് തുടർച്ചയായി നഷ്ടം നേരിട്ടു. 2013-ൽ പെട്രോനെറ്റിന്റെ കൊച്ചിയിലെ LNG ടെർമിനൽ കമ്മീഷൻ ചെയ്തതോടെ FACT, നാഫ്തയിൽ നിന്ന് LNG യിലേക്ക് ഉല്പാദനം മാറ്റി. എന്നാൽ, കൊച്ചിയിൽ LNG - യ്ക്ക് രാജ്യത്തെ ഇതര പ്രദേശങ്ങളെ അപേക്ഷിച്ച് വില വളരെ കൂടുതലാണ്. ഈ സ്ഥാപനം നേരിടുന്ന വൻ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് FACT യുടെ LNG അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് വാങ്ങുന്ന LNG യിൻമേലുള്ള 14.5% മൂല്യവർദ്ധിത നികുതി (KVAT) ഒഴിവാക്കിക്കൊടുക്കുവാൻ സംസ്ഥാന സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്നും ബന്ധപ്പെട്ട ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് നൽകിയിട്ടുണ്ട്.<br>2. സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയിൽ 31.10.2014 വരെ 8045 ഗുണഭോക്താക്കൾക്ക് വീട് പണിപൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ